**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4756** **11-08-2021 - ൽ മറുപടിയ്ക്ക്**

**രണ്ടാം നവ കേരളം കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | നവ കേരള നിർമ്മിതിയുടെ നാല്ല സുപ്രധാന സംരംഭങ്ങളായി ആവിഷ്ക്കരിച്ച ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നീ യജ്ഞങ്ങൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ടാംഘട്ടത്തിൽ നിലവിലുള്ള നാല്ല മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമ്മാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി -II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത യജ്ഞങ്ങൾ വിപുലീകരിച്ച് ഏകോപിപ്പിക്കാനുദ്ദേശിക്കുന്ന പരിപാടിയുടെ ലക്ഷ്യവും പ്രവർത്തന പരിപാടിയും സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണോ രണ്ടാം നവ കേരളം കർമ്മ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അതെ |

സെക്ഷൻ ഓഫീസർ